# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2142** **08.03.2018-ൽ മറുപടിക്ക്**

## ഒറ്റപ്പാലം മണ്ഡലത്തിലെ നീതിസ്റ്റോറുകൾ

**ചോദ്യം** **മറുപടി**

**ശ്രീ.പി.ഉണ്ണി**

**ശ്രീ.കടകംപള്ളി സുരേന്ദ്രൻ**
**(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി അംഗീകാരം നൽകിയ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി, ഷെയർ, വായ്പ എന്നീ അനുപാതത്തിൽ സാമ്പത്തിക സഹായം അനുവദിക്കുന്നതിനായുള്ള പദ്ധതികൾ നിലവിലുണ്ട്.<br><br>നല്ല പ്രവർത്തന നിലവാരമുള്ള വിവിധ തരത്തിലുള്ള സംഘങ്ങൾക്ക് അവരുടെ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1:2:2 എന്ന അനുപാതത്തിൽ സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനത്തിൽ പരമാവധി 50 ശതമാനം തുക നൽകി പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതിയുടെ സ്വീകാര്യത, സംഘങ്ങളുടെ പ്രവർത്തനം എന്നിവ പരിഗണിച്ച് പദ്ധതി ചെലവിന്റെ 65 ശതമാനം വരെ ധനസഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ദുർബല വനിത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും, പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും സ്കൂൾ, സർവ്വകലാശാല, സഹകരണ സ്റ്റോറുകൾ, ജില്ലാതല മൊത്ത വ്യാപാര സഹകരണ സ്റ്റോറുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനും ധനസഹായം നൽകുന്നു. |

| | | | |
|---|---|---|---|
| (ബി) | വിപണി ഇടപെടലുകൾ നടത്തി അവശ്യസാധനങ്ങളുടെ വിലനിയന്ത്രണം നടപ്പിൽ വരുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 168 നീതി സ്റ്റോറുകളും 178 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. ടി സ്റ്റോറുകൾ വഴി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ ഉത്സവകാലങ്ങളിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി സംസ്ഥാനം ഒട്ടാകെ വിൽപ്പന നടത്തി വില നിലവാരം പിടിച്ച് നിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. അരിവില നിയന്ത്രണാതീതമായി കതിച്ചുയർന്ന സമയത്ത് പശ്ചിമ ബംഗാളിൽ നിന്ന് അരി ലഭ്യമാക്കി വിലനിലവാരം കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര നീതിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകാമോ; | (സി) | ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ 3 നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.<br>1. ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സി.എസ്.-ഒറ്റപ്പാലം മുൻസിപ്പാലിറ്റി.<br>2. പൂക്കോട്ട്കാവ് അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് ക്രഡിറ്റ് സി.എസ്.- പൂക്കോട്ടുകാവ് പഞ്ചായത്ത്.<br>3. കടമ്പഴിപ്പുറം സേവന സഹകരണ ബാങ്ക് - കടമ്പഴിപ്പുറം പഞ്ചായത്ത്. |
| (ഡി) | ഒറ്റപ്പാലം മണ്ഡലത്തിലെ നീതിസ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ നീതിസ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | നീതി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ, സഹകരണ സംഘങ്ങൾ നീതി സ്റ്റോർ തുടങ്ങുവാനുള്ള അപേക്ഷ സമർപ്പിക്കുന്ന മുറക്ക് അനുമതി നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**